## പി. വീരാൻ



*മാധ്യമം* ദിനപത്രത്തിന്റെ പ്രസിദ്ധീകരണം ആരംഭിക്കുന്നതിന് മുമ്പ് തന്നെ നൂറിലധികം കോപ്പിയുടെ ഏജൻസിയെടുത്ത് പത്രത്തെ ജനങ്ങൾക്കിടയിൽ പരിചയപ്പെടുത്തിയ വ്യക്തിയായിരുന്നു കൊണ്ടോട്ടിയിലെ പി. വീരാൻ സാഹിബ്. എല്ലാ വിഭാഗം ആളുകൾക്കിടയിലും അദ്ദേഹം അറിയപ്പെട്ടത് 'മാധ്യമം വീരാൻക്ക' എന്നായിരുന്നു.

ആദ്യകാലത്ത് മുസ്‌ലിം ലീഗ് പ്രവർത്തകനായിരുന്നു. പിന്നീട് ജമാഅത്തെ ഇസ്‌ലാമി നേതാവായിരുന്ന പരേതനായ കെ. അബ്ദുർറഹ്മാൻ സാഹിബുമൊന്നിച്ച് ഇസ്‌ലാമിക പ്രസ്ഥാന പ്രവർത്തനങ്ങളിൽ സജീവമായി. ജമാഅത്തിൽ അംഗത്വമെടുത്തു. ജമാഅത്തെ ഇസ്‌ലാമി പ്രഥമ അമീറായിരുന്ന ഹാജി സാഹിബ് കൊണ്ടോട്ടിയിൽ എത്തുമ്പോൾ അദ്ദേഹത്തിന് വേണ്ട സേവനങ്ങൾ ചെയ്തിരുന്നത് വീരാൻ സാഹിബായിരുന്നു. കൊണ്ടോട്ടിയിലെ അൻസാറുൽ ഇസ്‌ലാം ചാരിറ്റബ്ൾ ട്രസ്റ്റിന്റെ സ്ഥാപകാംഗം, മജ്‌സിദുൽ ഇഹ്സാൻ പരിപാലന കമ്മിറ്റിയംഗം എന്നീ നിലകളിൽ നിസ്തുല സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ആദ്യകാലങ്ങളിൽ ഏറെ സാമ്പത്തിക പ്രയാസം നേരിട്ടിരുന്ന ട്രസ്റ്റിനു വേണ്ടി വളരെ ക്ലേശം സഹിച്ച് വർഷങ്ങളോളം മൈസൂരിലടക്കം ദൂരദിക്കുകളിൽ പോയി പണം സമാഹരിക്കുമായിരുന്നു. ട്രസ്റ്റിന്റെ കീഴിലെ ഇസ്‌ലാമിക് നഴ്സറി സ്കൂളിൽ ആദ്യമായി വാൻ വാങ്ങിയപ്പോൾ അതിലെ സഹായിയായി വീരാൻ സാഹിബ് സേവനം ചെയ്യുകയുണ്ടായി. ജീവനക്കാരനെന്ന നിലയിൽ സ്ഥാപനവുമായും രക്ഷിതാക്കളുമായുമുള്ള ബന്ധം ഊഷ്മളവും ശക്തവുമായി നിലനിർത്തുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് വളരെ വലുതായിരുന്നു.

അദ്ദേഹത്തിന് എന്നും പ്രസ്ഥാനവും സ്ഥാപനങ്ങളും പ്രസിദ്ധീകരണങ്ങളും ആവേശമായിരുന്നു. ശാരീരിക അവശതകൾക്കിടയിലും പള്ളിയിൽ ജമാഅത്ത് നമസ്കാരങ്ങൾക്കെത്തുമായിരുന്ന അദ്ദേഹം എപ്പോഴും പുഞ്ചിരിയോടെയാണ് ആളുകളുമായി അഭിമുഖീകരിക്കാറുണ്ടായിരുന്നത്. *പ്രബോധന*മടക്കമുള്ള ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രസിദ്ധീകരണങ്ങളുടെയും ഏജന്റായിരുന്നു. മരിക്കുമ്പോൾ 90 വയസ്സായിരുന്നു. ഭാര്യയും രണ്ട് ആൺമക്കളും 4 പെൺമക്കളുമുണ്ട്.

**ഡോ. കെ.കെ മുഹമ്മദ്**

## റംല എന്ന ഉമ്മു



**മുണ്ടുമുഴി** സ്വദേശിയും *ഗൾഫ് മാധ്യമം* ഖത്തർ ബ്യൂറോ മാനേജറും ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലിയുടെ അനുജനുമായ അബ്ദുർറഷീദിന്റെ ഭാര്യ റംല (ഉമ്മു 35), ജമാഅത്തെ ഇസ്‌ലാമി മുണ്ടുമുഴി ഹൽഖയുടെ ചടുലതയുള്ള സെക്രട്ടറിയും പ്രദേശത്ത് പ്രവർത്തിക്കുന്ന തണൽ സഹായസംഘത്തിന്റെ പ്രസിഡന്റുമായിരുന്നു.

വളരെ കണിശതയോടെയായിരുന്നു സമ്പത്ത് ചെലവഴിച്ചിരുന്നത്. അതെത്ര കുറവായാലും കൂടുതലായാലും കൃത്യമായി എഴുതിവെക്കുന്ന ശീലവുമുണ്ടായിരുന്നു. ജീവിത ലാളിത്യമായിരുന്നു അവരുടെ മറ്റൊരു പ്രത്യേകത. വസ്ത്രങ്ങൾ ആവശ്യത്തിന് മാത്രമേ വാങ്ങി ഉപയോഗിക്കാറുണ്ടായിരുന്നുള്ളു. ആഭരണത്തിന്റെ കാര്യത്തിലും അങ്ങനെത്തന്നെ. ആകെ ധരിച്ചിരുന്ന ആഭരണം മരണവേളയിൽ അഴിച്ചുമാറ്റിയ മഹ്ർ മാത്രമായിരുന്നു.

പെയിൻ ആന്റ് പാലിയേറ്റീവിന്റെ സജീവ പ്രവർത്തകയും സംഘാടകയുമായിരുന്നു അവർ. ഗൾഫിലുള്ള ഭർത്താവിന്റെ അസാന്നിധ്യത്തിലും നാല് മക്കളടങ്ങുന്ന കുടുംബത്തിന്റെ കാര്യങ്ങൾ ഭംഗിയായി കൊണ്ടുപോകുന്നതോടൊപ്പം പ്രാസ്ഥാനിക രംഗത്തും അവർ സജീവയായിരുന്നു.

**ബിശാറ മുജീബ്**

---

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*

**Matrimonial**

മുസ്‌ലിം യുവതി (25). MA ഇംഗ്ലീഷ് ടീച്ചർ. പി.ജി സ്റ്റുഡന്റ്. അനിവാര്യകാരണത്താൽ വിവാഹമോചിത. വിവാഹാലോചനകൾ ക്ഷണിക്കുന്നു. കോഴിക്കോട്, മലപ്പുറം ജില്ലക്കാർക്ക് മുൻഗണന.

**00966508176717(Saudi), 0097466471523(Qatar), 00919995807026(India)**

മുസ്‌ലിം യുവതി (24/5'3"). MA. BEd. എറണാകുളം ജില്ല. ദീനീ യുവാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**7736542982, 9037464689**